പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1122 01/07/2015 - ൽ മറുപടിയ്ക്ക്

**എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. റ്റി.യു. കുരുവിള | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് എല്ലാ വർക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (എ) പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന അഞ്ചു മുതൽ പതിനാലു വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസ അവകാശ നിയമം വിഷയമാക്കിക്കൊണ്ട് എല്ലാ അദ്ധ്യാപകർക്കും പരിശീലനം നൽകുകയും പാരന്റൽ അവയർനെസ് പരിപാടികൾ നടത്തുകയും ചെയ്യുന്നുണ്ട്. എല്ലാ വർഷവും ഔട്ട് ഓഫ് സ്കൂൾ കുട്ടികളെ കണ്ടെത്തുന്നതിനായി സർവ്വേ നടത്തുകയും അങ്ങനെ കണ്ടെത്തിയ കുട്ടികൾക്ക് പ്രത്യേക ട്യൂട്ടർമാരെ വച്ച് ബ്രിഡ്ജ് കോഴ്സ് നൽകിയതിനു ശേഷം അവരെ വിദ്യാലയങ്ങളിൽ എൻറോൾ ചെയ്യിക്കുകയും ചെയ്തു വരുന്നു. പ്രാഥമിക വിദ്യാഭ്യാസ പാഠ്യ പദ്ധതി പരിഷ്കരിച്ചു. അതിന്റെ ഭാഗമായി എല്ലാ കുട്ടികളിലും പഠന നേട്ടങ്ങൾ ഉറപ്പാക്കുന്നതരത്തിൽ സിലബസും പാഠ പുസ്തകങ്ങളും പരിഷ്കരിക്കുകയും അദ്ധ്യാപക പരിശിലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രൈമറിക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയം പാഠ പുസ്തകങ്ങൾ വേണമെന്ന ആവശ്യം പരിഗണിച്ച് 1 മുതൽ |

4 വരെ ക്ലാസ്സുകളിലേയ്ക്ക് ഇംഗ്ലീഷ് മീഡിയം പാഠപുസ്തകങ്ങൾ പഠിപ്പിച്ചു വരുന്നു. മൂല്യനിർണ്ണയം പരിഷ്കരിച്ച് കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

| | |
|---|---|
| (ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉൾപ്പെടെ ഉയർന്ന ഗുണനിലവാരം പുലർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | (ബി) വിവരം ശേഖരിച്ചു വരുന്നു. |

Sreedevi

സെക്ഷൻ ഓഫീസർ